LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ കോളനികൾ

298 (2536) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ആകെ എത്ര പട്ടികവർഗ്ഗ കോളനികളാണുള്ള തെന്ന് പഞ്ചായത്ത് തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ജില്ലയിലെ ആകെ പട്ടികവർഗ്ഗ കുടുംബങ്ങൾ, ആകെ ജനസംഖ്യ എന്നിവ സംബന്ധിച്ച പഞ്ചായത്ത് തിരിച്ച് കണക്കുകൾ വിശദമാക്കാമോ ;

(സി) ഇതിൽ സ്വന്തമായി കൈവശഭൂമിയുള്ള കുടുംബങ്ങൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ഡി) കൈവശമിരിക്കുന്ന ഭൂമിക്ക് പട്ടയമില്ലാത്ത കുടുംബങ്ങൾ എത്രയുണ്ടെന്ന് പഞ്ചായത്ത് തിരിച്ച കണക്കുകൾ വിശദമാക്കാമോ ;

(ഇ) ഭൂമി പതിച്ചുനൽകുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ കോളനികൾ, പട്ടിക വർഗ്ഗ കുടുംബങ്ങൾ, ആകെ പട്ടികവർഗ്ഗ ജനസംഖ്യ എന്നിവ സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 2008-ലെ കണക്ക് പ്രകാരം 9049 കുടുംബങ്ങൾക്ക് പട്ടയം ഉണ്ട്. മറാഠി വിഭാഗത്തെക്കൂടി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(ഡി) 2008-ലെ വിവരമനുസരിച്ച് 2961 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ട്. ഇതുസംബന്ധിച്ച് മറാഠി വിഭാഗത്തിന്റെ ഉൾപ്പെടെയുള്ള പുതിയ കണക്കുകൾ ലഭ്യമല്ല.

(ഇ) പട്ടയം ലഭിച്ചിട്ടില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ റവന്യൂ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.